## തൊഴിൽ സ്ഥലത്തുവച്ച് തൊഴിലാളി സർപ്പദംശനമേറ്റ് മരിച്ചത് തൊഴിലപകടം

### ബോംബെ ഹൈക്കോടതി

F.A. No. 3008/2017 Dt. 2.12.2019

വിതൽറാവു ഷിൻഡെ സഹകാരി സാഖർ കർധാന ലിമിറ്റഡ്

x

ശോഭ

പഞ്ചസാര ഉൽപാദനത്തിലും വില്പനയിലും ഏർപ്പെട്ടിരിക്കുന്ന കമ്പനി കരിമ്പിൻ തണ്ട് വെട്ടിയെടുക്കുന്ന ജോലി കരാറുകാരെയാണ് ഏല്പിച്ചിരിക്കുന്നത്. കരാറുകാരുടെ സ്വന്തം തൊഴിലാളികളെ ഉപയോഗിച്ചാണ് പ്രവൃത്തികൾ നടത്തുന്നത്. ഒരു ദിവസം കരിമ്പ് വെട്ടിക്കൊണ്ടിരുന്ന തൊഴിലാളിയെ പാമ്പ് കടിച്ചു. ഉടനടി അയാളെ ആശുപത്രിയിലെത്തിച്ച് ഏതാനും ദിവസം ചികിത്സിച്ചെങ്കിലും അയാൾ മരണത്തിന് കീഴടങ്ങുകയാണുണ്ടായത്. അന്തരിച്ച തൊഴിലാളിയുടെ ആശ്രിതർ നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ നല്കി. മേനേജ്മെന്റിന്റെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ കമ്മീഷണർ ആശ്രിതർക്ക് നഷ്ടപരിഹാരവും അതിന്റെ പകുതി പിഴയും 12% പലിശയും നല്കണമെന്ന് മേനേജ്മെന്റിന് നിർദ്ദേശം നല്കി. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. മരിച്ച തൊഴിലാളിയുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും അയാൾ കരാറുകാരന്റെ തൊഴിലാളിയാണെന്നും മറ്റൊരാളുടെ പറമ്പിൽ വച്ചാണ് അയാൾക്ക് പാമ്പുകടിയേറ്റതെന്നും സർപ്പദംശനം തൊഴിലപകടമല്ലെന്നും മേനേജ്മെന്റ് വാദിച്ചു. കൂടാതെ 50% പിഴശിക്ഷ വിധിച്ചതും അപകട തീയതി മുതൽ 12% പലിശ നല്കണമെന്ന് നിർദ്ദേശിച്ചതും തെറ്റാണെന്നും മേനേജ്മെന്റ് വാദിച്ചു. ഫാക്ടറി ആശ്രയിക്കുന്ന പ്രധാന അസംസ്കൃത വസ്തു കരിമ്പാണെന്നും കരിമ്പില്ലാതെ ഫാക്ടറിക്ക് പ്രവർത്തിക്കാനാവില്ലെന്നും വിലയിരുത്തിയ ഹൈക്കോടതി ഫാക്ടറിക്കുവേണ്ടി കരിമ്പ് വെട്ടാൻ പോയത് തൊഴിലിന്റെ ഭാഗമായതിനാൽ സർപ്പദംശനം തൊഴിലപകടംതന്നെയാണെന്ന് വിധിച്ചു. അന്തരിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നല്കാൻ മേനേജ്മെന്റ് ബാധ്യസ്ഥമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി പിഴശിക്ഷ റദ്ദാക്കുകയും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഉത്തരവിന്റെ തീയതി മുതൽ 12% പലിശ നല്കിയാൽ മതിയെന്ന് നിർദ്ദേശിക്കുകയും ചെയ്തു.